പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4072 | 25.06.2014- ൽ മറുപടിക്ക് |
|---|---|

## ആരോഗ്യ വകുപ്പിനുവേണ്ടി വാങ്ങിയ വാഹനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം ആരോഗ്യ വകുപ്പിനുവേണ്ടി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ആരോഗ്യ വകുപ്പിനുവേണ്ടി 42 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. |
| ബി) | ഏതു തരം വാഹനങ്ങളാണ് വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ; | ബി) | 26/03/2012-ലെ സർക്കാർ ഉത്തരവ് പ്രകാരം 25 മാരുതി സ്വിഫ്റ്റ് ഡിസയർ കാറുകളും, 29/01/2013-ലെ സർക്കാർ ഉത്തരവ് പ്രകാരം താഴെ പറയുന്ന 17 വാഹനങ്ങളും വാങ്ങുകയുണ്ടായി.<br>1. ടൊയോട്ട കിർലോസ്കർ ഇന്നോവ 2.5 ജി - 2 എണ്ണം.<br>2. മഹീന്ദ്ര & മഹീന്ദ്ര ബൊലേറോ - 11 എണ്ണം.<br>3. ടാറ്റ എൽ. പി. 1512/42 ബി. എസ്. 3 സ്റ്റാന്‍ഡേർഡ് ബസ് - 4 എണ്ണം. |
| സി) | പ്രസ്തുത വകുപ്പിനുകീഴിലുള്ള ഏതെല്ലാം ഓഫീസുകളിലും ആശുപത്രികളിലുമാണ് അത് നൽകിയതെന്നും വ്യക്തമാക്കുമോ; | സി) | പ്രസ്തുത വാഹനങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസ് തുടങ്ങിയ വിവിധ ആഫീസുകളിലേക്കാണ് അനുവദിച്ച് നൽകിയത് |
| ഡി) | വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ എത്ര തുക വിനിയോഗിച്ചു; ഇതിൽ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ലഭിച്ചുവെന്നും അറിയിക്കുമോ? | ഡി) | 25 സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങിയ ഇനത്തിൽ 1,47,16,025/- രൂപയും 17 വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ 1,50,75,651/-രൂപയും (ആകെ 2,97,91,676 രൂപ) വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത തുക 100% സി. എസ്. എസ് മുഖേന ലഭിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ